ചെയ്യാനുണ്ട്. ബി.ജെ.പി.യിൽപ്പെട്ട 97 പ്രതികളിൽ 38 പ്രതികളെ അറസ്റ്റു ചെയ്തു. 8 പ്രതികൾ കോടതി മുമ്പാകെ കീഴടങ്ങി. ബാക്കി 51 പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട്.

ഡ്രൈവർമാരെ വധിച്ച് വണ്ടി തട്ടിക്കൊണ്ടുപോയ സംഭവങ്ങൾ

63 (1538) ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വാടകയ്ക്ക് കൊടുക്കുന്ന ടാക്സികളിലെ ഡ്രൈവർമാരെ വധിച്ച് വണ്ടിതട്ടിക്കൊണ്ടുപോയിട്ടുള്ള എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽ വണ്ടി തിരിച്ചുകിട്ടിയ എത്ര കേസ്സുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 7 സംഭവങ്ങൾ.

(ബി) നാലു കേസ്സുകളിലെ വണ്ടികൾ തിരിച്ച് കിട്ടിയിട്ടുണ്ട്.

ലോക്കപ്പ് മരണങ്ങൾ

64 (1539) ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള ലോക്കപ്പ് മരണങ്ങളുടെയും കസ്റ്റഡി മരണങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇവരിൽ സ്ത്രീകൾ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടില്ല. 16 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

തിരുവനന്തപുരം	-	3
കൊല്ലം	-	2
പത്തനംതിട്ട	-	1
ആലപ്പുഴ	-	1
ഇടുക്കി	-	1
എറണാകുളം	-	3
തൃശ്ശൂർ	-	2
കോഴിക്കോട്	-	2
കണ്ണൂർ	-	1
ആകെ	-	16

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly